ഫത്‌വ

# യുദ്ധസൂക്തങ്ങൾ ബഹുസ്വര സമൂഹത്തിൽ

**?**

**ചോദ്യം: ചില സവിശേഷ സാഹചര്യങ്ങളിൽ അവതരിച്ചതാണ് യുദ്ധം പരാമർശിക്കുന്ന ഖുർആൻസൂക്തങ്ങൾ. സൂറത്തുത്തൗബയിലെ അഞ്ചാം സൂക്തം ഉദാഹരണം. യുദ്ധ സന്ദർഭങ്ങളിൽ മാത്രമേ അവക്ക് പ്രസക്തിയുള്ളൂ. എന്നാൽ, ഇബ്‌നു കസീറിനെപ്പോലുള്ള ഖുർആൻ വ്യാഖ്യാതാക്കളുടെ വീക്ഷണത്തിൽ അവ എല്ലാ കാലത്തേക്കും യോജിച്ചതാണ്. ഒരു ബഹുസ്വര സമൂഹത്തിൽ ഇത്തരം വീക്ഷണങ്ങൾ വരുത്തിവെക്കുന്ന വിനകൾ ചെറുതല്ല. വിശദീകരണം പ്രതീക്ഷിക്കുന്നു.**

ഉത്തരം: **ഡോ. ജാസിർ ഔദ (ഈജിപ്ത്)**

**യുദ്ധസംബന്ധിയായ** സൂക്തങ്ങൾ ഖുർആനിൽ ഒരുപാടുണ്ട്. അവയിലൊന്നാണ് സൂറത്തു*ത്തൗബ*യിലെ അഞ്ചാം സൂക്തം. “യുദ്ധം നിഷിദ്ധമായ മാസങ്ങൾ പിന്നിട്ടാൽ പിന്നെ ബഹുദൈവവിശ്വാസികളെ എവിടെ കണ്ടാലും വധിക്കുക. അവരെ ബന്ധനസ്ഥരാക്കുക, ഉപരോധിക്കുക. എല്ലാ മർമസ്ഥലങ്ങളിലും അവർക്കെതിരെ പതിയിരിക്കുകയും ചെയ്യുക. ഇനി അവർ പശ്ചാത്തപിക്കുകയും മുറപ്രകാരം നമസ്കരിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്നുവെങ്കിൽ അവരെ വിട്ടേക്കുക. അല്ലാഹു ഏറെ മാപ്പരുളുന്നവനും ദയാപരനുമല്ലോ.”

മുസ്‌ലിംകളും മക്കയിലെ ബഹുദൈവവിശ്വാസികളും തമ്മിൽ യുദ്ധം നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിലായിരുന്നു (ഹിജ്റ ഒമ്പതാം വർഷം) ഈ സൂക്തത്തിന്റെ അവതരണം. യുദ്ധം തന്നെയാണ് സൂറത്തു*ത്തൗബ*യുടെ മുഖ്യപ്രതിപാദ്യം. ഈ ചരിത്ര പശ്ചാത്തലത്തിൽനിന്ന് സൂക്തത്തെ വേർപ്പെടുത്തി യുദ്ധവിധി എല്ലാകാലത്തും ബാധകമാണെന്ന അബദ്ധധാരണ എങ്ങനെയോ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

ഈ അബദ്ധ വീക്ഷണം മുഖവിലക്കെടുത്താൽ, “മതത്തിൽ ബലാൽക്കാരമില്ല” (*അൽബഖറ* 256), “പ്രവാചകരേ, തിന്മയെ ഏറ്റം നന്മ കൊണ്ട് തടയണം” (*അൽമുഅ്മിനൂൻ* 96), “നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്ക് എന്റെ മതം” (*അൽകാഫിറൂൻ* 6) തുടങ്ങി സംവാദവും സമാധാനവും അനുരഞ്ജനവും സഹിഷ്ണുതയും മതസ്വാതന്ത്ര്യവും വിട്ടുവീഴ്ചയും ഉദ്ബോധിപ്പിക്കുന്ന ഇരുന്നൂറിലധികം സൂക്തങ്ങൾ വിശുദ്ധ ഖുർആനിലുണ്ടല്ലോ, അവ എന്തു ചെയ്യും? ഈ പ്രതിസന്ധി മറികടക്കുന്നതിന് അധിക പണ്ഡിതന്മാരും മുന്നോട്ടുവെച്ച ആശയം അവയെ ഭേദഗതി (നസ്ഖ്) ചെയ്യാം എന്നായിരുന്നു. ഇതനുസരിച്ച് പ്രവാചകന്റെ അവസാനകാലത്ത് അവതരിച്ച *സൂറത്തുത്തൗബ*യിലെ അഞ്ചാം സൂക്തം സമാധാനത്തെയും അനുരഞ്ജനത്തെയും കുറിക്കുന്ന മുൻ സൂക്തങ്ങളെ ഭേദഗതി ചെയ്തു എന്ന് അവർ അഭിപ്രായപ്പെടുന്നു.

അതുപോലെ മുസ്‌ലിംകൾക്കും മദീനയിലെ ജൂതനിവാസികൾക്കുമിടയിൽ ഉണ്ടായിരുന്ന പരസ്പര സഹകരണത്തിന്റെയും ഊഷ്മള ബന്ധത്തിന്റെയും അടയാളമായ ‘മദീനാ പ്രമാണ’ (സ്വഹീഫതു മദീന)വും ഭേദഗതി ചെയ്യപ്പെട്ടതായി അവർ വാദിച്ചു. യഥാർഥത്തിൽ ബഹുസ്വര സമൂഹത്തിൽ മുസ്‌ലിംകൾ കൈക്കൊള്ളേണ്ട നിലപാടിന് മകുടോദാഹരണമായിരുന്നു മദീനാ പ്രമാണം. “മുസ്‌ലിംകൾക്ക് അവരുടെ മതവും ജൂതന്മാർക്ക് അവരുടെ മതവും ഉള്ളതോടൊപ്പം തന്നെ മുസ്‌ലിംകളും ജൂതന്മാരും ഒരൊറ്റ സമൂഹമാണ്” എന്ന് ആ കരാറിൽ വ്യക്തമാക്കുന്നു (*ബുർഹാനുസുറൈഖ്*, *അസ്സ്വഹീഫ്*: *മീസാഖുറസൂൽ*, ഒന്നാം പതിപ്പ്, ഡമസ്കസ്, ദാറുൽ നുമൈർ,ദാറുൽ മുആദ്, 1996, പേജ് 353).

ഇങ്ങനെ നിയമങ്ങൾ ഭേദഗതി ചെയ്യാൻ തുടങ്ങിയതോടെ കാര്യങ്ങൾ കൂടുതൽ സങ്കീർണമായി; ബഹുസ്വര സമൂഹത്തിൽ താമസിക്കുന്ന മുസ്‌ലിംകൾക്ക് പ്രത്യേകിച്ചും. അവർ ‘ആത്യന്തികസത്യ’മായി എന്താണ് സ്വീകരിക്കേണ്ടത്? യുദ്ധമോ അതോ സമാധാനമോ?

സ്വഹാബിവര്യന്മാർ ഭേദഗതി ചെയ്തതിനേക്കാൾ കൂടുതൽ ശേഷം വന്നവർ (താബിഉകൾ) ഭേദഗതി ചെയ്തി

ട്ടുണ്ട്. ഒന്നാം നൂറ്റാണ്ടിനു ശേഷം ഭേദഗതി ചെയ്യലും ദുർബലപ്പെടുത്തലും വ്യാപകമായി. കർമശാസ്ത്ര വിശാരദന്മാർ താബിഉകൾ ചെയ്തതിനേക്കാൾ അധികം വിഷയങ്ങളിൽ ഭേദഗതി നിർദേശിച്ചു. അങ്ങനെ, അത് എതിർപക്ഷ മദ്ഹബുകളുടെ അഭിപ്രായങ്ങളെ അസാധുവാക്കുന്ന ഒരു കർമശാസ്ത്രരീതിയായി വികാസം പ്രാപിച്ചു. എത്രത്തോളമെന്നാൽ, "നമ്മുടെ മദ്ഹബ് ഇമാമിന്റെ അഭിപ്രായത്തോട് വിയോജിക്കുന്ന എല്ലാ ഖുർആൻസൂക്തങ്ങളും സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്തതോ ഭേദഗതി ചെയ്യപ്പെട്ടതോ ആയി കാണണം" എന്നുവരെ അബുൽ ഹസൻ ഖർഖി രേഖപ്പെടുത്തുകയുണ്ടായി.

കർമശാസ്ത്ര ഗ്രന്ഥങ്ങളിൽ ഭേദഗതി ചെയ്യലും ചെയ്യപ്പെടലും (നാസിഖും മൻസൂഖും) പതിവു കാഴ്ചയാണ്. സൂക്തങ്ങളുടെ വ്യാഖ്യാന സാധ്യത ഇല്ലാതായി എന്നതാണ് അതുമൂലം സംഭവിച്ചത്. തങ്ങളുടെ മദ്ഹബിന്റെ അഭിപ്രായങ്ങളെ സാധൂകരിക്കുംവിധം ഭേദഗതി ചെയ്യുന്ന സ്വഭാവം ഒട്ടും ഭൂഷണമല്ല. ഓരോ സൂക്തവും അത് അവതരിച്ച സാഹചര്യം മുൻനിർത്തിയാണ് വായിക്കേണ്ടത്. അപ്പോൾ സൂക്തങ്ങൾക്കിടയിൽ വൈരുധ്യമോ ഭേദഗതി ചെയ്യേണ്ട ആവശ്യമോ ഉണ്ടാവുകയില്ല. സമാനമായ സാഹചര്യത്തിൽ ഓരോ സൂക്തത്തിനും അതിന്റേതായ പ്രസക്തിയുണ്ട്.

ഇനി ചോദ്യത്തിൽ ഉന്നയിക്കപ്പെട്ട പ്രധാന വിഷയത്തിലേക്ക് വരാം. ഭേദഗതി ചെയ്യൽ രീതിശാസ്ത്രം അവലംബിച്ചല്ല പ്രസ്തുത വിഷയം കൈകാര്യംചെയ്യേണ്ടത്. അധിക പണ്ഡിതന്മാരും തൗബയിലെ അഞ്ചാം സൂക്തത്തെ സമീപിച്ചത് പ്രസ്തുത രീതിശാസ്ത്രം അവലംബിച്ചായിരുന്നു. എന്നാൽ ഇബ്നു കസീറും ഇമാം ഖുർതുബിയും അങ്ങനെയല്ല വ്യാഖ്യാനിച്ചത്.

**ധാരാളം രാഷ്ട്രാതിർത്തികളും അന്തർദേശീയ ബന്ധങ്ങളും നിറഞ്ഞതാണ് പുതിയ ലോകം. യുദ്ധമോ സംഘട്ടനമോ അല്ല, പരസ്പര ഇടപെടലുകളും സഹകരണങ്ങളും യോജിപ്പിന്റെ വേദികളുമാണ് അത് ആവശ്യപ്പെടുന്നത്. അതിനാൽ യുദ്ധ സംബന്ധിയായ സൂക്തങ്ങളെ അതിന്റെ സാഹചര്യത്തിലേക്ക് മാറ്റിവെക്കാം.**

സൂക്തം അവതരിച്ച പ്രവാചക കാലത്തിനു സമാനമായ ഒരു സാഹചര്യത്തിലാണ് ഇമാം ഖുർതുബിയും ഇമാം റാസിയും ഈ സൂക്തത്തെ വ്യാഖ്യാനിക്കുന്നത്. തീർത്തും യുദ്ധത്തിന്റേതായ ഒരു സാഹചര്യത്തിൽ. നമ്മുടെ ലോകത്തിന്റെ അവസ്ഥയായിരുന്നില്ല അന്നുണ്ടായിരുന്നത്. ഒരതിർത്തി മാത്രമുള്ള ലോകത്തായിരുന്നു അവരുടെ ജീവിതം. ഇപ്പുറം മുസ്‌ലിംകളും അപ്പുറം മുസ്‌ലിംകളല്ലാത്തവരും. അവരാകട്ടെ നിരന്തരമായ യുദ്ധത്തിലും. യുദ്ധ സാഹചര്യമാണ് ഈ പണ്ഡിതന്മാരുടെ വ്യാഖ്യാനങ്ങളെ സ്വാധീനിച്ചത്.

ഈ അടിസ്ഥാന യാഥാർഥ്യം ഗ്രഹിക്കാതെ ഖുർആൻവ്യാഖ്യാന ഗ്രന്ഥങ്ങളെ സമീപിച്ചാൽ അബദ്ധത്തിൽ വീഴും. അതുപോലെ ഒരു ഖുർആൻ വ്യാഖ്യാനഗ്രന്ഥവും ശാശ്വത സത്യത്തെ പ്രതിനിധീകരിക്കുന്നില്ല. ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളുടെ രചയിതാക്കൾ ജീവിച്ച സാഹചര്യത്തിൽ പ്രസ്തുത വ്യാഖ്യാനങ്ങൾ ശരിയാകാമെന്നു മാത്രം. ഒരു മുഫസ്സിർ നിലവിലുള്ള ലോകത്തെ മുൻനിർത്തിയാണ് ഖുർആൻ പാരായണം ചെയ്യുക. ഭാവിലോകം അദ്ദേഹത്തിന്റെ മുമ്പിലുണ്ടായിരിക്കില്ല. അമുസ്‌ലിംകളോട് യുദ്ധം ചെയ്യണമെന്ന് ഇമാം ഖുർതുബി എഴുതുമ്പോൾ, അദ്ദേഹത്തിന്റെ മുമ്പിലുണ്ടായിരുന്നത് ഇസ്‌ലാമിക നാഗരികതയുടെ പ്രതീകമായ കൊർദോവയുടെ മുസ്‌ലിമേതര ശക്തികളുടെ ഉപരോധവും അതിന്റെ തകർച്ച വരെ നീണ്ട യുദ്ധവുമായിരുന്നു.

ഇന്ന് ഒരു പണ്ഡിതൻ യുദ്ധ-സമാധാന സംബന്ധിയായ സൂക്തങ്ങൾ പഠിക്കുമ്പോൾ, അവ അവതരിച്ച ചരിത്ര പശ്ചാത്തലം നന്നായി മനസ്സിലാക്കേണ്ടതുണ്ട്. അതോടൊപ്പം അന്തർദേശീയ ചിത്രവും മനസ്സിലുണ്ടായിരിക്കണം. മുമ്പത്തെപ്പോലെയല്ല നിലവിലെ ലോകം. മുസ്‌ലിം-അമുസ്‌ലിം അതിർത്തിയോ വിഭജന രേഖയോ എവിടെയുമില്ല. ധാരാളം രാഷ്ട്രാതിർത്തികളും അന്തർദേശീയ ബന്ധങ്ങളും നിറഞ്ഞതാണ് പുതിയ ലോകം. യുദ്ധമോ സംഘട്ടനമോ അല്ല, പരസ്പര ഇടപെടലുകളും സഹകരണങ്ങളും യോജിപ്പിന്റെ വേദികളുമാണ് അത് ആവശ്യപ്പെടുന്നത്. അതിനാൽ യുദ്ധ സംബന്ധിയായ സൂക്തങ്ങളെ അതിന്റെ സാഹചര്യത്തിലേക്ക് മാറ്റിവെക്കാം. യുദ്ധ സൂക്തങ്ങളും യുദ്ധ നിയമങ്ങളും ഇസ്‌ലാമിക ശരീഅത്തിന്റെ ഒരു ഭാഗം തന്നെയാണ്. ■